അഭിവന്ദ്യ തിരുമനസ്സിന് ഇടവകയുടെ ജന്മദിനാശംസകൾ



## Index


Vicar's Message........................................................ 2

Announcements.......................................................... 5

Bible Crossword ........................................................ 6

Bible Quiz ............................................................... 8

Events Photos........................................................... 10

# *Vicar's Message*



## വിശുദ്ധരും മദ്ധ്യസ്ഥതയും

നമ്മുടെ കർത്താവിൻെറ മുന്തിരിത്തോപ്പിൽ അനുഗ്രഹീതവേല ചെയ്ത്, ദൈവഹിതപ്രകാരം തൻെറ ജനത്തെ നയിച്ച്, വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കപ്പെട്ട്, ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നവനായി, വിളിച്ചാൽ വിളി കേൾക്കുന്ന മലങ്കരയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മത്തിരുന്നാൾ കൊണ്ടാടുകയാണല്ലോ. മഹാജ്ഞാനം 3-ാം അദ്ധ്യായത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “നീതിമാന്മാരുടെ ആത്മാവ് ദൈവതൃക്കരങ്ങളിലത്രെ. ഒരു ദണ്ഡനവും അവരെ സമീപിക്കുകയില്ല. അവർ മരിച്ചുപോയതായി ഭോഷന്മാർ കരുതി അവരുടെ നിര്യാണം ദോഷമായും നമ്മുടെ അടുക്കൽ നിന്നുള്ള അവരുടെ പുറപ്പാട് സങ്കടകരമായുമാണ് അവർ വിചാരിച്ചത്.എന്നാൽ ആ നീതിമാന്മാരാകട്ടെ സമാധാനത്തിൽ ആകുന്നു. എന്തെന്നാൽ ദൈവം അവനെ പരിശോധിച്ചു. അവർ തനിക്ക് കൊള്ളാവുന്നവർ എന്നു താൻ കണ്ടെത്തി”.

ദൈവസന്നിധിയിൽ ഇരിക്കുന്ന പരിശുദ്ധന്മാരുടെ ഓർമ്മയെ ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്ന പാരമ്പര്യം ആദിമകാലം മുതൽ പരി.സുറിയാനി സഭയ്ക്കുണ്ട്. പരിശുദ്ധരെക്കുറിച്ച് പഠിക്കുവാനും പഠിപ്പിക്കുവാനും അവരുടെ ജീവിത വിശുദ്ധി പ്രചരിപ്പിക്കുവാനും അനുകരിക്കുവാനുമായിട്ടായിരുന്നു ആദിമ സഭ പരിശുദ്ധന്മാരുടെ തിരുന്നാളുകൾ ആഘോഷിച്ചിരുന്നത്. “നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ, അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ”(എബ്രായർ13:7) എന്ന് വി.പൗലോസ് ശ്ലീഹായും നമ്മെ ഉദ്ബോധിപ്പിക്കുന്നു. പെരുന്നാളാഘോഷങ്ങൾ വിശുദ്ധന്മാരുടെ ജീവിതത്തിലേക്ക് നമ്മെ കൊണ്ടുചെന്ന് എത്തിക്കുവാൻ ഇടയാകണം. “നീതിമാൻ എന്നുവെച്ചു നീതിമാനെ കൈക്കൊള്ളുന്നവന് നീതിമാൻെറ പ്രതിഫലം ലഭിക്കും” എന്ന കർതൃവചന പ്രകാരം, പരിശുദ്ധാത്മ പ്രേരിതമായ ജീവിതം നയിച്ച വിശുദ്ധരുടെ ഓർമ്മ ആചരിക്കുന്നതിലൂടെ, അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതിലൂടെ, അവരുടെ ജീവിതവും വിശ്വാസവും അനുകരിക്കുന്നതിലൂടെ ബലഹീനരായ നാമും വിശുദ്ധർക്കുള്ള പ്രതിഫലത്തിന് യോഗ്യരായി തീരുകയാണ്.

പരിശുദ്ധരുടെ ഓർമ്മയാചരണത്തെയും, അവരുടെ മദ്ധ്യസ്ഥതയെയും ചോദ്യം ചെയ്യുന്നതുമായ പ്രവണത ചിലരിലെങ്കിലും കണ്ടുവരുന്നുണ്ട്. പരി. സഭ എന്നത് ജീവിച്ചിരിക്കുന്ന വിശ്വാസികളുടേയും കർത്താവിലുള്ള ശരണത്തിൽ വാങ്ങിപ്പോയ വിശ്വാസികളുടേയും കൂട്ടമാണ്.“ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കയില്ല”(വി. യോഹ11:26) എന്ന് നമ്മുടെ കർത്താവ് അരുളിചെയ്തിരിക്കുന്നു. വാങ്ങിപ്പോയ വിശ്വാസികളൊക്കെയും ദൈവസന്നിധിയിൽ സജീവരാണ്. ആരും ദൈവത്തിന് മരിച്ചിട്ടില്ല, ജീവിച്ചരിക്കുന്നവരാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള മദ്ധ്യസ്ഥതയെ ആരും നിരസിക്കാറില്ലല്ലോ.

പരി.സഭയെ സംബന്ധിച്ചിടത്തോളം ദൈവം ഒരുവൻ അല്ലാതെ പരിശുദ്ധൻ ഇല്ല. വിശുദ്ധ കുർബ്ബാനയിൽ, വി.രഹസ്യങ്ങൾ ആഘോഷിക്കുന്ന സമയം “പരിശുദ്ധനായ

ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല" ആമ്മീൻ എന്ന് ഏറ്റു പറയുന്നവരാണ് നാം. ആരാധനയ്ക്കു യോഗ്യൻ ദൈവം മാത്രമാണ്. എന്നാൽ ആരാധനയും (worship) ആദരവും(veneration) തമ്മിൽ വ്യത്യാസമുണ്ട്. പരിശുദ്ധ ദൈവമാതാവും പരിശുദ്ധന്മാരും ആദരവിനും പുകഴ്ച്ചക്കും യോഗ്യരാണ്. "ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും"(വി.ലൂക്കോസ് 1:48) എന്നു പരി.അമ്മ, പരിശുദ്ധാത്മ നിറവിൽ പാടുന്നുണ്ട്. വി.മാതാവിനെയും പരിശുദ്ധന്മാരേയും നാം ആദരിക്കുന്നതിന് കാരണം ശക്തനായവൻ അവരിൽ വലിയവ ചെയ്തു, ദൈവം അവരെ വിശുദ്ധീകരിച്ചു എന്നുള്ളതാണ്.

ദൈവമാതാവിനേയും പരിശുദ്ധന്മാരേയും സഭ പുകഴ്ത്തുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്യു ന്നതല്ലാതെ അവരെ ആരാധിക്കുന്നില്ല.വിശുദ്ധന്മാരെ, ശുദ്ധിമതികളെ നിങ്ങൾ ഞങ്ങളോടൊപ്പം ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ എന്നാണ് സഭ അപേക്ഷിക്കുന്നത്. നാം പ്രാർത്ഥിക്കാതെ, പരിശുദ്ധർ നമുക്കായി പ്രാർത്ഥിച്ചുകൊള്ളും എന്ന ചിന്താഗതിയും ശരിയല്ല.

പരിശുദ്ധത രണ്ടുവിധം ഉണ്ട്. (1)സ്വയം പരിശുദ്ധത. ഇത് ദൈവത്തിന് മാത്രം ഉള്ള പരിശുദ്ധതയാണ്. (2)ആർജ്ജിത പരിശുദ്ധത. ഇതു ദൈവത്തിലുള്ള വിശ്വാസവും അനുസരണവും വഴി ജീവിതത്തിലൂടെ നേടുന്നതാണ്.ദൈവത്തിൻെറ പരിശുദ്ധിയും, ദൈവം തൻെറ ഭക്തരിൽ പകരുന്ന പരിശുദ്ധിയും തമ്മിൽ വ്യത്യാസമുണ്ട്. ദൈവം,പാപികളായ നമ്മെ നീതീകരിച്ച് തൻെറ വിശുദ്ധിയിലേക്ക് ക്ഷണിക്കുകയാണ്. "ദൈവം നമ്മെ അശുദ്ധിയിലേയ്ക്കല്ല, വിശുദ്ധിയിലേക്ക് അത്രെ വിളിച്ചിരിക്കുന്നത്". 'സത്യത്താൽ അവരെ വിശുദ്ധീകരിക്കണമെ' (വി.യോഹന്നാൻ 17:17) എന്ന് തൻെറ ശിഷ്യർക്കായി കർത്താവ് പ്രാർത്ഥിക്കുന്നുണ്ട്. "അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെതന്നെ വിശുദ്ധീകരിയ്ക്കുന്നു".(വി. യോഹ.17:19)"നിങ്ങളെ വിളിച്ചവൻ പരിശുദ്ധൻ ആയിരിക്കുന്നതുപോലെ എല്ലാകാര്യങ്ങളിലും നിങ്ങളും പരിശുദ്ധരായിരിക്കണം" (1പത്രോസ്1:15)എന്നു വി.പത്രോസ് ശ്ലീഹായും ഓർമ്മിപ്പിക്കുന്നു. 'മുല്ലപ്പൂമ്പൊടി യേറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം' എന്നു പറയന്നതുപോലെയാണ് പരിശുദ്ധന്മാർക്ക് പരിശുദ്ധി, ദൈവീക സംസർഗ്ഗത്തിലൂടെ ലഭ്യമാകുന്നത്. നാമൊക്കെ പരിശുദ്ധന്മാരായി തീരണം എന്നതാണ് കർത്താവിൻെറ ആഗ്രഹവും പ്രാർത്ഥനയും. നാം വിളിക്കപ്പെട്ടിരിക്കുന്നത് പരിശുദ്ധിയിലേയ്ക്കാണ്- പരിശുദ്ധന്മാരായി ജീവിക്കുവാനാണ്. ക്രിസ്തു അപ്പോസ് തലന്മാരെ വിളിക്കുന്നതിൻെറ മുഖ്യ ഉദ്ദേശങ്ങളിലൊന്നു "തന്നോടുകൂടെ ഇരിക്കുക" എന്നതായിരുന്നല്ലോ. വിശുദ്ധത എന്നത് ക്രിസ്തുവിൻെറ വിശുദ്ധിയിലുള്ള കൂട്ടായ്മയാണ്, പങ്കാളിത്തമാണ്, അത് ദൈവീക സംസർഗ്ഗത്തിലൂടെ ലഭ്യമാകുന്നതുമാണ്

1തിമോ.2:5 "ദൈവം ഏകനാകുന്നു, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ് തുയേശു തന്നെ" എന്ന വാക്യം മദ്ധ്യസ് ഥന്മാർക്കോ, വിശുദ്ധരുടെ മദ്ധ്യസ്ഥതക്കോ എതിരല്ല എന്ന് നാം തിരിച്ചറിയണം. ക്രിസ്തു മാത്രമാണ് മദ്ധ്യസ്ഥനെന്നും മറ്റു മദ്ധ്യസ്ഥരുടെ ആവശ്യമില്ല എന്നും കരുതുന്നവരുണ്ട്. യേശു എന്ന മദ്ധ്യസ്ഥന് പകരമായിട്ടോ തുല്ല്യമായിട്ടോ അല്ല മറ്റു മദ്ധ്യസ്ഥരും വിശുദ്ധരുടെ മദ്ധ്യസ്ഥതയും. പിതാവായ ദൈവത്തിനും പാപിയായ മനുഷ്യനുമിടയിലെ ഏക മദ്ധ്യസ്ഥൻ

കർത്താവായ യേശുക്രിസ്തു മാത്രമാണ്. പാപംമൂലം വീണുപോയ, ദൈവ സന്നിധിയിൽ നിന്നും അകന്നുപോയ സൃഷ്ടിയുടെ വീണ്ടെടുപ്പ്, പാപ രഹിതനായ ഒരു മനുഷ്യനിലൂടെ മാത്രമേ സാധ്യമാകുമായിരുന്നുള്ളു. ഇവിടെയാണ് മനുഷ്യാവതാരത്തന്റെ പ്രസക്തി. പാപമില്ലാത്തവനായ ക്രിസ്തു പാപികളായ നമുക്കുവേണ്ടി ബലിയായി(മദ്ധ്യസ്ഥനായി) തീർന്നുകൊണ്ട് ദൈവത്തിനും മനുഷ്യനമിടയിലെ ഏക മദ്ധ്യസ്ഥനായി (Heb.9:15,12:24). ഈ മദ്ധ്യസ്ഥത (Mediation) മറ്റാർക്കും വിട്ടുകൊടുക്കുന്നില്ല. ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണല്ലൊ മദ്ധ്യസ്ഥത. കർത്താവിൻേറതായി മാത്രം ജീവിച്ചു കർതൃസന്നിതിയിലേക്കു എടുക്കപ്പെട്ട വിശുദ്ധർ, നമ്മുടെ കർത്താവും ദൈവവുമായവനോട് നമുക്കായി നമ്മോടൊപ്പം പ്രാർത്ഥിക്കുന്ന താണ് വിശുദ്ധരുടെ മദ്ധ്യസ്ഥത (INTERCESSION) സഭയ്ക്കുവേണ്ടി കണ്ണുനീരോടെ ഇടവിടാതെ പ്രാർത്ഥിച്ചിരുന്ന പൗലോസ് ശ്ലീഹ, തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സഭയേയും ആഹ്വാനം ചെയ്യുന്നുണ്ടല്ലോ.(Rom 15:30-33) സഹോദരങ്ങൾ പാപം ചെയ്യുന്നത് കണ്ടാൽ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് യോഹന്നാൻ ശ്ലീഹായും ലേഖനത്തിലൂടെ ആവശ്യപ്പെടുന്നു. (1യോഹ.5:16) പരിശുദ്ധ സഭയുടെ ആരാധനാ ക്രമത്തിൽ വാങ്ങിപ്പോയ വിശുദ്ധർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ധൂപാർപ്പണങ്ങളും ഉള്ളതുപോലെ തന്നെ വാങ്ങിപ്പോയ വിശുദ്ധരോടുള്ള മദ്ധ്യസ്ഥതയും ഉൾപ്പെടുത്തിയിരിക്കുന്നു. നാം ദൈവത്തിന്റെ മക്കൾ ആയിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച വരായ നമ്മുടെ പിതാക്കന്മാരെ വി.കുർബ്ബാനകളിലും നമസ്കാരങ്ങളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാന്മാരുടേയും പുണ്യവാന്മാരുടേയും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും എന്ന് പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. ഇതൊക്കെയും ഒരു ശരീരത്തിലെ വിവധങ്ങളായ അവയവങ്ങൾ തമ്മിലുള്ള സ്നേഹവും കരുതലുമാണ് വെളിവാക്കുന്നത്.

"ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്കു പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ"(സങ്കീ.16:3) ജീവിച്ചിരുന്നപ്പോൾ ദൈവത്തെ പ്രസാദിപ്പിച്ചു എന്നതാണ് വിശുദ്ധന്മാരുടെ ശ്രേഷ്ഠത. ഇവർ വാങ്ങിപ്പോയിരിക്കുന്നത് ദൈവകരങ്ങളിലേയ്ക്കാണ്. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ച ഇവർ, ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ഇരുന്ന് ദൈവത്തിന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുകയാണ്.(വെളി.7:15) "പുണ്യവാന്മാരുടെ കബറിടങ്ങളിൽ നീ അപ്പം വിളമ്പുക"(തൂബീദ്4:17) എന്ന് തൂബീദ് തന്റെ മകൻ തോബിയാസിനെ ഉപദേശിക്കുന്നുണ്ട്. "കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നു". ആയതിനാലാണ് പരി. സഭ വിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്നതും അവരുടെ വിശ്വാസ ജീവിതം മാതൃകയാക്കുന്നതും. നമുക്കും അപേക്ഷിക്കാം:"പരിശുദ്ധ ദൈവമാതാവേ പരിശുദ്ധന്മാരേ, നിങ്ങൾ ഞങ്ങളോടൊപ്പം ഞങ്ങൾക്കുവേണ്ടി കർത്താവിനോട് പ്രാർത്ഥിക്കണമേ"

സ്നേഹപൂർവ്വം,
ക്രിസ്തുയേശുവിൽ,
നിങ്ങളുടെ ബെന്നിയച്ചൻ.

# *Happy Birthday*



**Diya Saji**
10th Birthday on 2-11-2013



**Don Sabu Varkey**
9th birthday on 11-11-2013

# *Announcements*

15th November - Symphony Fiesta at The Indian School Auditorium at 5.30 pm.


## New Born

Baby Girl to Ajish Kaleekal Jacob & Roji

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീ. M.K.പൗലോസിൻെറ മാതാവും, ശ്രീ. V.J. അച്ചൻകുഞ്ഞിൻെറ ഭാര്യാമാതാവും, കർത്താവിൽ നിദ്ര പ്രാപിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# Are You Bible Literate?
# Bible Crossword #9 November 2013



Leela Alexander

**ACROSS**

**1** Which kind of tree was withered by Jesus because it bore no fruits?
**4** Which massive trees were brought to make beams and pillars in Jerusalem temple?
**6** Which leaf did Noah's dove bring back in its beak?
**8** What mythical creature eats grass according to the book of Job?
**10** What kind of tree did Zacchaeus climb in order to see Jesus?
**13** What unusual food was said to have resembled coriander seed?
**14** Jacob sent this as a gift to Joseph in Egypt?

**DOWN**

**2** What kind of wood was Noah's Ark made of?
**3** What kind of trees did the exiled Jews hang their harps on?
**5** What kind of tree was the Ark of Covenant made of?
**7** What according to the New Testament, produces the smallest seed?
**8** What kind of tree did the weary Elijah sit under?
**9** Which plant was used to purify lepers?
**11** This tree's spice was used in making oil for anointing.
**12** Which tree's foliage was found in the carvings in the temple?

This is the Ninth in the series of Bible crossword puzzles for 2013. All the clues are about Plants mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is

**ocalex@batelco.com.bh** **ocalexleela@gmail.com**

**Useful References: 1King 19, Matthew 13, Job 40, Luke 19, 1Kings 6, Genesis 6, Exodus 16, Exodus 30, Genesis 43, 1Kings 5, Exodus 25, Psalm 137, Leviticus 14, Genesis 8, Mark 11.**

# Solution to October 2013 Bible Crossword




## *Winners of Bible Crossword October 2013*

1. Acsah Elizabeth Abraham
2. Aibel Rejan Varghese
3. Akhil Basil Paulose
4. Alphy Varghese
5. Alwin P. Reji
6. Amith Kurian K.
7. Aneena Mary Abraham
8. Anjana Mariam Roy
9. Athira Sabu
10. Chithira Sabu
11. Christin Paul
12. Christy Mary
13. Dan Abraham
14. Elaine Agith
15. Flemy P. Eby
16. Jeeba C. Biju
17. Jibu Joseph Biju
18. Johann Agith
19. Kamal Baby Paul
20. Liya Sara Joseph
21. Mahal Mani Ulahannan
22. Merlin Mary
23. Milan Mani Mathew
24. Roshan Thomas Roy
25. Sara Laji
26. Sebine Scaria
27. Serene Scaria
28. Sharon Paul
29. Sneha Elsa Kuruvilla
30. Sofia C. Paul

**Names Left out in October Winners list**

1. Anjana Mariam Roy
2. Sara Laji



*Congratulations......*

Leela Alexander

# ക്വിസ്സ് നമ്പർ 8
# ദാനിയേൽ

1. ആരാണ് ദാനിയേലിനെ ഷണ്ഡാധിപൻെറ മുമ്പിൽ ദയയും കരുണയും ലഭിക്കുവാൻ ഇടവരുത്തിയത്?

2. പാർസി രാജാക്കന്മാരിൽ നിന്നും ദാനിയേലിനെ സഹായിപ്പാൻ വന്ന പ്രധാന പ്രഭുക്കന്മാരിൽ ഒരാൾ ആര്?

3. ദാനിയേലിനെ രക്ഷിപ്പാൻ മനസ്സുവച്ച് സൂര്യൻ അസ്തമിക്കുവോളം പ്രയത്നം ചെയ്ത രാജാവ്?

4. സന്ധ്യായാഗത്തിൻെറ സമയന്ന് ഗബ്രിയേൽ, ദാനിയേലിൻെറ അടുത്ത് വന്നതെന്തിന്?

5. ദൈവത്തിൻെറ കൈപ്പത്തിയാൽ രാജധാനിയുടെ ചുവരിൽ എഴുതിയത് ഏത് രാജാവിൻെറ കാലത്താണ്?

6. യെഹൂദാ രാജാവായ യെഹോയാക്കീമിൻെറ വാഴ്ചയുടെ മൂന്നാം ആണ്ടിൽ ബാബേൽ രാജാവായ നെബുഖദ്നേസർ യെരുശലേമിൽ വന്ന് അതിനെ നിരോധിച്ചപ്പോൾ കർത്താവ് അവൻെറ കൈയ്യിൽ എന്തെല്ലാം ഏല്പിച്ചു?

7. നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാൻ ദൈവം പ്രാപ്തൻ എന്ന് പറഞ്ഞതാര്?

8. ഉറച്ചു നിന്നു വീര്യം പ്രവർത്തിക്കുന്നവർ ആര്?

9. ദാനിയേൽ സ്വപ്നത്തിൽ കണ്ട വയോധികൻെറ വസ്ത്രവും തലമുടിയും എങ്ങനെയുള്ളതാണ്?

10. തെക്കേൽ എന്ന വാക്കിൻെറ അർത്ഥമെന്ത്?

11. ഏത് മഹാനദിയുടെ തീരന്നിരിക്കുമ്പോഴാണ് ശണസ്ത്രം ധരിച്ചും അരെക്കു ഊഫാസ് തങ്കം കൊണ്ടുള്ള കച്ചകെട്ടിയും ഇരിക്കുന്ന പുരുഷനെ കണ്ടത്?

12. ശദ്രക്കിനേയും, മേശക്കിനേയും, അബേദ്നെഗേവിനേയും ചൂളയിൽ ഇടുവാൻ സാധാരണ ഉള്ളതിൽ നിന്നും എത്ര മടങ്ങ് ചൂടു പിടിപ്പിക്കാനാണ് രാജാവ് കല്പിച്ചത്?

13. ദാനിയേൽ നോക്കി കൊണ്ടിരിക്കുമ്പോൾ പടിഞ്ഞാറുനിന്ന് നിലം തൊടാതെ സർവ്വ ഭൂതലത്തിലും കൂടിവന്ന മൃഗം ഏത്?

14. എത്ര ദിവസത്തോളം കാത്തു ജീവിച്ചിരിക്കുന്നവനാണ് ഭാഗ്യവാൻ?

15. നെബുഖദ്നേസർ രാജാവ് സാഷ്ടാംഗം വീണു നമസ്കരിച്ചതാരെ?

# ക്വിസ്സ് നമ്പർ 7 പുറപ്പാട് 28 – 40 ഉത്തരം

1. സാക്ഷ്യപലകകളെ എറിഞ്ഞു പൊട്ടിച്ചു കളഞ്ഞു. 32:19
2. മേഘം സമാഗമന കൂടാരത്തിന്മേൽ അധിവസിക്കുകയും യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറയ്ക്കുകയും ചെയ്തതുകൊണ്ട് മോശെയ്ക്കു അകത്തു കടക്കുവാൻ കഴിഞ്ഞില്ല. 40:35
3. ഊറീമും, തുമ്മീമും (വെളിപ്പാടും സത്യവും) 28:30
4. മരണശിക്ഷ 31:15
5.അഹരോൻ, അഹരോന്റെ പുത്രന്മാരായ നാദാബ് അബീഹൂ, എലെയാസാർ, ഈഥാമാർ എന്നിവരേയും 28:1
6. മേഘസ്തംഭം 33:11
7. സ്വമേധാദാനം 35:29
8. ഒലിവെണ്ണ 30:23,25
9. സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ വെച്ച് 29:32
10. ഹോ രേബ് പർവ്വതം മുതൽ 33:6
11. മോശെ 34:9
12. സാക്ഷ്യത്തിന്റെ രണ്ട് പലകകൾ 32:15
13. ഇരുപത് 30:13
14. ആരുലക്ഷത്തി മുവായിത്തഞ്ഞൂറ്റമ്പത് 38:26
15. അഭിഷേകവും, കരപൂരണവും 29:29

## *Winners of Quiz No. 7*

Aleyamma Thomas
Bisy Eby
Christy Mariam Reji
Elaine Agith
Elsy Abraham
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Paulose
Mercy Abraham

Moly Baby
Sezil Baby
Shaiby Baby
Sheeba Roy
Shelby Jacob
Shiny Binu



*Congrats................*

Usha Achenkunju

# Events

## Fancy Dress Competition






## Church Picnic 2013



























UCLA


























































# Parumala Thirumeni Orma Perunnal - Nercha Preparation





















